(ബി) 15-7-1998-ലെ ജി. ഒ. (എംഎസ്.) 273/98/പൊ.വി. ഉത്തരവ് പ്രകാരം പിഎച്ച്. ഡി., എം.ഫിൽ., ജെ.ആർ.എഫ്., നെറ്റ് യോഗ്യതയുള്ളവർക്ക് മൂന്നു വർഷത്തിനുള്ളിൽ ബി. എഡ്. യോഗ്യത് എടുത്തുകൊള്ളണമെന്ന നിബന്ധനയുടെ അടിസ്ഥാനത്തിൽ പ്ലസ് ടു അദ്ധ്യാപക നിയമനം നൽകാമായിരുന്നു. പ്രസ്തുത ഉത്തരവിനുള്ള ഭേദഗതി എന്ന നിലയ്ക്കാണ് 28-10-2000-ലെ ഉത്തരവ് പുറപ്പെടുവിച്ചത്. ആയതിനാൽ അന്നുമുതൽ ഈ ഉത്തരവിന് പ്രാബല്യമുണ്ട്.

(സി) യോഗ്യതകളിൽ ഇളവ് വരുത്തുന്നത് ഹയർ സെക്കന്ററി കരിക്കുലം കമ്മിറ്റിയുടെ നിർദ്ദേശാനുസരണമാണ്.

(ഡി) വിശദ വിവരം ശേഖരിച്ചു വരുന്നു.

(ഇ) നിയമന ചട്ടങ്ങൾ പ്രകാരം കമ്പ്യൂട്ടർ സയൻസ്, കമ്പ്യൂട്ടർ ആപ്ലിക്കേഷൻ എന്നീ വിഷയങ്ങളിലെ അദ്ധ്യാപക നിയമനങ്ങൾക്കാണ് ബി.എഡ്-ൽ നിന്നും ഒഴിവ് നൽകിയിട്ടുള്ളത്.

(എഫ്) എയ്ഡഡ് ഹയർ സെക്കണ്ടറി അദ്ധ്യാപക നിയമനത്തിനുള്ള ചട്ടങ്ങൾ ഉൾപ്പെടുന്ന ഉത്തരവിന്റെ പകർപ്പ് ഇതോടൊപ്പം വയ്ക്കുന്നു.*

(ജി) സ്റ്റാറ്റ്യൂട്ടറി സ്പെഷ്യൽ റൂളുകൾ നിലവിൽ വരുമ്പോൾ അതിനു മുമ്പ് നിലവിലിരുന്ന എക്സിക്യൂട്ടീവ് ഓർഡറുകൾ അസാധുവാകും. നിയമന യോഗ്യത സംബന്ധിച്ച എല്ലാവശങ്ങളും വിവിധ തലങ്ങളിൽ സസൂക്ഷ്മം പരിശോധിച്ച ശേഷമാണ് സ്പെഷ്യൽ റൂളുകൾ പുറപ്പെടുവിച്ചിട്ടുള്ളത്. വിവിധ തലങ്ങളിലുള്ള ശുപാർശ പ്രകാരം ആണ് ഇത് ഒഴിവാക്കിയത്.

(എച്ച്) സ്പെഷ്യൽ റൂൾ ഭേദഗതിക്ക് വിധേയമാകുമ്പോൾ ഇക്കാര്യവും പരിശോധനയിൽ വരുന്നതാണ്.

(ഐ) സ്പെഷ്യൽ റൂളുകൾക്ക് ഭേദഗതി വരുത്തുന്നതിന് എക്സിക്യൂട്ടീവ് ഓർഡറുകൾ പുറപ്പെടുവിക്കാവുന്നതല്ല. ഇക്കാര്യം വിശദമായി പരിശോധിച്ചതിനുശേഷം ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്.

എച്ച്. എസ്. എ. (ഫിസിക്കൽ സയൻസ്) അദ്ധ്യാപക നിയമനം

94 (691) ഡോ. എ. നീലലോഹിതദാസൻ നാടാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 11-9-2001-ൽ നിലവിൽ വന്ന എച്ച്.എസ്.എ ഫിസിക്കൽ സയൻസ് തിരുവനന്തപുരം ജില്ലാ റാങ്ക് ലിസ്റ്റിൽ നിന്നും നാളിതുവരെ എത്ര പേർക്ക് നിയമനം നൽകി ;

(ബി) 1998-1999 അദ്ധ്യയന വർഷത്തിലും 1999-2000 അദ്ധ്യയന വർഷത്തിലും ഈ വിഭാഗത്തിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്വഴി താൽക്കാലിക അടിസ്ഥാനത്തിൽ എത്രപേരെ നിയമിച്ചു ;

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

(സി) പ്രസ്തുത ഒഴിവുകൾ പി. എസ്. സി. ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ ; ഉണ്ടെങ്കിൽ എത്രയെണ്ണം ;

(ഡി) 1998 മാർച്ച് മുതൽ നാളിതുവരെ ഫിസിക്കൽ സയൻസ് (എച്ച്.എസ്.എ) വിഭാഗത്തിൽ ഓരോ വർഷവും എത്ര അദ്ധ്യാപകർ സർവ്വീസിൽ നിന്നും വിരമിച്ചു ;

(ഇ) എത്ര അദ്ധ്യാപകർക്ക് എച്ച്. എം. പ്രൊമോഷൻ കിട്ടി എന്ന് വ്യക്തമാക്കാമോ ;

(എഫ്) 1998-1999 അദ്ധ്യയന വർഷം തുടങ്ങി നാളിതുവരെ ഓരോ അദ്ധ്യയനവർഷവും മറ്റ് ജില്ലകളിൽ നിന്നും തിരുവനന്തപുരം ജില്ലയിലേക്ക് എച്ച്.എസ്.എ. ഫിസിക്കൽ സയൻസ് അദ്ധ്യാപകർക്ക് ജില്ലാന്തര സ്ഥലം മാറ്റം നല്കി ;

(ജി) ഇപ്പോൾ ഫിസിക്കൽ സയൻസ് (എച്ച്.എസ്.എ.) വിഭാഗത്തിൽ എത്ര ഒഴിവുകൾ നിലവിലുണ്ട്;

(എച്ച്) ഈ ഒഴിവുകൾ പി. എസ്. സി. ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ ;

(ഐ) ഇല്ലെങ്കിൽ കാരണം വിശദീകരിക്കുമോ ?

ഉത്തരം

(എ) 20 പേർക്ക്

(ബി) 1998-99 വർഷം 11 പേരെ നിയമിച്ചു. 1999-2000-ലെ വിവരം ശേഖരിച്ച് ഉടൻ നൽകുന്നതാണ്.

(സി) ഉണ്ട്. 8 ഒഴിവുകൾ

(ഡി) 1998-1999 3

1999-2000വിവരം ശേഖരിച്ച് ഉടൻ നൽകുന്നതാണ്

2000-2001 6

2001-2002 4

2002-2003 17

2003-2004 9

(ഇ) 1998-1999 17

1999-2000 വിവരം ശേഖരിച്ച് നൽകുന്നതാണ്.

2000-2001 5

2001-2002 1

2002-2003 18

2003-2004 2

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) 1998-1999 7

1999-2000 വിവരം ശേഖരിച്ച് നൽകുന്നതാണ്.

2000-2001 3

2001-2002 ഇല്ല

2002-2003 4

(ജി) 2002-2003 വർഷം 10 ഒഴിവുകൾ

2003-2004 ആകെ 11 ഒഴിവുകൾ

(എച്ച്) ഇല്ല.

(ഐ) ക്ലാസ് ഡിവിഷനുകളിലുണ്ടാകുന്ന കുറവുകൂടി പരിശോധിച്ചതിനു ശേഷമേ യഥാർത്ഥത്തിലുള്ള ഒഴിവുകൾ തിട്ടപ്പെടുത്താനാകൂ.

അദ്ധ്യാപകർക്ക് കമ്പ്യൂട്ടർ പരിശീലനത്തിനുവേണ്ടി അനുവദിക്കപ്പെട്ട ഫീസ്

95 (692) ശ്രീ. വി. കെ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്കൂളുകളിൽ അദ്ധ്യാപകർക്ക് കമ്പ്യൂട്ടർ പരിശീലനം നൽകുന്നതിന് സ്വകാര്യ ഏജൻസികളെ ഏൽപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇവരെ നിശ്ചയിക്കുന്നതിനുള്ള മാനദണ്ഡം എന്ത് ; ഉത്തരവിന്റെ കോപ്പി ലഭ്യമാക്കുമോ ;

(സി) പരിശീലന സൗകര്യമുള്ള സർക്കാർ എയ്ഡഡ് സ്കൂളുകളെ മുൻകാലങ്ങളിൽ ഏൽപ്പിച്ചിരുന്നതുപോലെ ഏൽപ്പിക്കാൻ നടപടി സ്വീകരിക്കുമോ ;

(ഡി) അദ്ധ്യാപക പരിശീലനത്തിനുവേണ്ടി അനുവദിക്കപ്പെട്ട ഫീസ് എത്രയാണെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) സ്വകാര്യ ഏജൻസികളുടെ കമ്പ്യൂട്ടർ ലാബ് പ്രതിദിന വാടകയ്ക്ക് ലഭ്യമാക്കാൻ വേണ്ടി ഐ. ടി. അറ്റ്. സ്കൂൾ പദ്ധതിയുടെ 2003 ഏപ്രിൽ മാസം 2-ന് കൂടിയ എക്സിക്യൂട്ടീവ് കമ്മിറ്റി തീരുമാനം അനുസരിച്ച് ടെണ്ടർ പരസ്യം കൊടുത്തിട്ടുണ്ട്. എന്നാൽ സ്വകാര്യ ഏജൻസികൾ വേണ്ടത്ര താൽപ്പര്യം കാണിക്കാത്തതുകൊണ്ട് പുന:പരസ്യം കൊടുക്കുന്നതിനെപ്പറ്റി ആലോചിച്ചു വരികയാണ്.

(സി) ഇപ്പോൾ പരിഗണനയിലില്ല.

(ഡി) ഈ വർഷം ഒരു തുകയും അനുവദിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly